## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2689 17/06/2019-ലെ മറുപടിക്ക്

## 'റൂം ഫോർ റിവർ 'പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | | കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) വെള്ളപ്പൊക്ക നിയന്ത്രണത്തിന് 'റൂം ഫോർ റിവർ' എന്ന ഡച്ച് പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | എ) | ഉണ്ട് |
| (ബി) മുഖ്യമന്ത്രിയുടെ നെതർലാന്റ്സ് പര്യടനത്തിനിടയിൽ പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ അദ്ദേഹം ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്യുകയുണ്ടായോ; വ്യക്തമാക്കാമോ;<br><br>(സി) പ്രസ്തുത പദ്ധതിയുടെ തുടർനടപടി എന്ന നിലയിൽ എന്തൊക്കെ കാര്യങ്ങൾ ജലവിഭവ വകുപ്പ് കൈക്കൊള്ളും? | ബി) & സി) | മുഖ്യമന്ത്രിയുടെ നെതർലന്റ്സ് സന്ദർശത്തിനിടയിൽ പുഴയ്ക്ക് വഴിയൊരുക്കുന്ന പദ്ധതി (റൂം ഫോർ റിവർ) എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് വിവരങ്ങൾ ചർച്ച ചെയ്യുകയുണ്ടായി. പ്രളയം മൂലമുള്ള നാശനഷ്ടങ്ങൾ വിലയിരുത്തുന്നതിനും പുനർനിർമ്മാണത്തിനുമുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനുമായി ഐക്യരാഷ്ട്രസഭയുടെ കീഴിലുള്ള വിവിധ ഏജൻസികളുടെ നേതൃത്വത്തിൽ 'പ്രളയാനന്തരവികസന ആവശ്യങ്ങൾ' (Post Disaster Need Assessment – PDNA)എന്ന റിപ്പോർട്ട് തയ്യാറാക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ ജലവിഭവ മാനേജ്മെന്റ് ഭാവിയിൽ എങ്ങനെയാകണം എന്ന നിർദ്ദേശത്തിന്റെ ഭാഗമായി സംയോജിത ജലവിഭവപരിപാലനം (Integrated |

Water Resource Management – IWRM) നടപ്പിലാക്കണം എന്ന ആശയം മുന്നോട്ട് വന്നിട്ടുണ്ട്. അതിനായി നെതർ ലാന്റിൽ നടപ്പിലാക്കിയ പദ്ധതിയായ പുഴയ്ക്കു വഴിയൊരുക്കുന്ന പദ്ധതി (റൂം ഫോർ റിവർ) എന്ന നദീസംരക്ഷണ ആശയം കേരളത്തിൽ അനുകരിക്കാവു ന്നതാണ് എന്ന് കാണുന്നു. പ്രസ്തുത പദ്ധതി പ്രധാനമായും ലക്ഷ്യം വയ്ക്കുന്നത് നദികളുടെ ആഴം വർദ്ധിപ്പിച്ചും നദികളുടെ സുഗമമായ ഒഴുക്കിനുള്ള തടസ്സങ്ങൾ നീക്കിയും അവയുടെ ജലവാഹകശേഷി വർദ്ധിപ്പി ക്കുകയും തൻമൂലം പ്രളയ സാദ്ധ്യത കുറയ്ക്കുകയും ചെയ്യുക എന്നതാണ്. ഈ ആശയം കേരളത്തിൽ നടപ്പിലാക്കു ന്നത് സംബന്ധിച്ച് കൂടുതൽ പഠനവും പരിശോധനകളും നടന്നു വരുന്നു.

**സെക്ഷൻ ഓഫീസർ**